എറക്ഷനും പൂർത്തിയായി. രണ്ട് ടവറിന്റെ പണി റെയിൽവേയുടെ അനുമതി ലഭിച്ചാൽ ഉടൻതന്നെ പൂർത്തിയാക്കുന്നതാണ്. മുതലമട, കൊടുവായൂർ 33 കെ. വി. സബ്സ്റ്റേഷനുകളുടേയും അനുബന്ധ ലൈനുകളുടേയും പണി പൂർത്തിയായി. കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഒരു ഏക്കർ ഭൂമി കിട്ടുന്ന മുറയ്ക്ക് നെല്ലിയാമ്പതി 33 കെ.വി. സബ് സ്റ്റേഷന്റെ പണി തുടങ്ങുന്നതാണ്.

(4) ക്ഷേമപെൻഷനുകൾ ഓണത്തിന് മുമ്പ് വിതരണം ചെയ്യണമെന്ന ആവശ്യം

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, പരമ്പരാഗത വ്യവസായമേഖലയിൽപ്പെട്ട കയർ, കശുവണ്ടി, ബീഡി, കൈത്തറി തുടങ്ങി കർഷകത്തൊഴിലാളികൾ, മത്സ്യത്തൊഴിലാളികൾ എന്നിങ്ങനെയുള്ള വിവിധ വിഭാഗം തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക പരമാവധി കൊടുത്തുതീർക്കാവുന്നിടത്തോളം കൊടുത്തുതീർക്കണം. അനുവദിക്കുന്ന സംഖ്യ ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിയാലേ ഓണത്തിനു മുമ്പായി തൊഴിലാളികൾക്ക് ഈ പെൻഷൻ കിട്ടുകയുള്ളൂ. അതിനുള്ള നടപടി അങ്ങ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 10 A.M.]

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, പെൻഷൻ തുക പഞ്ചായത്തിലേക്ക് കൊടുക്കുമ്പോൾ അത് ട്രഷറി നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പക്ഷേ ഇപ്പോൾ സംഭവിച്ചിരിക്കുന്നത് പഞ്ചായത്തിലേക്ക് കൊടുക്കുമ്പോൾ അവർ കൊടുക്കുന്നുണ്ടോ കൊടുക്കുന്നില്ലയോ എന്നറിയാത്ത ഒരു സ്ഥിതി വന്നിരിക്കുന്നു. ഏതായാലും ഓണത്തിനുമുമ്പ് പെൻഷൻ കൊടുക്കും. കർഷക തൊഴിലാളികളുടേയും പെൻഷൻ ഉൾപ്പെടുത്തിക്കൊടുക്കും. ബാക്കിയുള്ളവർക്കും കൊടുക്കാനുള്ള ശ്രമം നടത്തും.

(5) കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയിൽ സ്പെഷ്യാലിറ്റി യൂണിറ്റ് അനുവദിക്കണമെന്ന ആവശ്യം

ശ്രീ. പി. ജയരാജൻ: സർ, 100 കിടക്കകളിൽ കൂടുതലുള്ള ഗവൺമെന്റ് ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റുകൾ അനുവദിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ച് അർഹതയുള്ള ആശുപത്രിയാണ് കൂത്തുപറമ്പ് ഗവൺമെന്റാശുപത്രി. ആ താലൂക്കിൽ തന്നെ താലൂക്കാശുപത്രിയില്ല. അതുകൊണ്ട് സ്പെഷ്യാലിറ്റി യൂണിറ്റ് അനുവദിക്കുന്നതിനാവശ്യമായിട്ടുള്ള നടപടികൾ സ്വീകരിക്കണം.

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, 100 കിടക്കകളിൽ കൂടുതലുള്ള എല്ലാ ആശുപത്രികളിലും സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കാമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നു. അതനുസരിച്ച് ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം 375 ഡോക്ടർമാരുടെ പുതിയ അധിക തസ്തികകൾ സൃഷ്ടിക്കാൻ അനുവാദം നൽകിയിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കൂത്തുപറമ്പ് ഗവൺമെന്റ് ആശുപത്രിയിൽ സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly